വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) 2002-2003 സാമ്പത്തികവർഷം വനംവകുപ്പിന്റെ വരുമാനം 153.85 കോടി രൂപയാണ്.

(ബി) 2003-2004 സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന വരുമാനം 220 കോടി രൂപയാണ്.

(സി) തടി, കഴ, വിറക്, മുള, ഈറ തുങ്ങിയവയുടെ വിൽപന, പാറ, മണൽ തുടങ്ങിയവയുടെ ശേഖരണത്തിൽനിന്നും ലഭിക്കുന്ന വരുമാനം, കശുവണ്ടി ശേഖരണത്തിനായുള്ള കശുമാവ് തോട്ടങ്ങളുടെ ലേലത്തിൽനിന്നും ലഭിക്കുന്ന തുക തൊണ്ടിവസ്തുക്കളുടെ ലേലത്തിൽനിന്നും ലഭിക്കുന്ന വരുമാനം, വനഭൂമി പാട്ടത്തിനു നൽകിയതിൽ നിന്നും ലഭിക്കുന്ന പാട്ടത്തുക, ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ്, പെനാൽറ്റി, കോമ്പൗണ്ടിംഗ് ഫീസ്, പിഴ, പലിശ തുടങ്ങിയ ഇനങ്ങളിൽ നിന്നാണ് പ്രധാനമായും വരുമാനം ഉണ്ടാകുന്നത്.

(ഡി) ഓരോ വനം ഡിവിഷന്റെയും അംഗീകരിച്ച് വർക്കിംഗ് പ്ലാൻ അനുസരിച്ച് ഓരോ സാമ്പത്തികവർഷവും നിഷ്ക്കർഷിച്ചിട്ടുള്ള പ്രവർത്തികളിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങളിൽ നിന്നുമുള്ള ആദായമാണ് പ്രധാനമായും വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡമായി എടുക്കാറുള്ളത്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ജാമ്യം

12 (*472) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എം. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റും സർക്കാർ ജാമ്യം നൽകുന്ന തുക നിജപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയായി നിജപ്പെടുത്തുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജാമ്യപ്പണമായി ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) ഉണ്ട്. 14,000 കോടി രൂപയായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ബിൽ നിയമസഭയുടെ ഈ സമ്മേളനത്തിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ അംഗീകരിച്ച കണക്കു പ്രകാരം 31-3-2002 വരെ മൊത്തം 14122.46 കോടി രൂപയ്ക്ക് സർക്കാർ ജാമ്യം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 31-3-2002-ൽ അവശേഷിയ്ക്കുന്നത് 9745.86 കോടി രൂപയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രമായി 31-3-2002 വരെ മൊത്തം 10,013.94 കോടി രൂപയ്ക്ക് ജാമ്യം നൽകിയിട്ടുണ്ട്. ഇതിൽ 31-3-2002-ൽ അവശേഷിക്കുന്നത് 7074.03 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly